**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1037** **07-12-2022 - ൽ മറുപടിയ്ക്ക്**

**വനമേഖലയിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനമേഖലയിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം ; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ വനമേഖലയിൽ അനധികൃതമായി നിക്ഷേപിക്കുന്ന പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ നീക്കം ചെയ്ത് വനങ്ങളുടെ സ്വാഭാവിക അവസ്ഥ നിലനിർത്തി പരിസ്ഥിതിയെയും മണ്ണിനെയും സംരക്ഷിക്കുന്നതിനായി 'പ്രോജക്റ്റ് ഗ്രീൻ ഗ്രാസ്സ് 'എന്ന പദ്ധതി വനം വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. സർക്കാർ ഉത്തരവ് (ആർ.റ്റി)നമ്പർ 506/2019/വനം തീയതി 24.12.2019 പ്രകാരം 871.50 ലക്ഷം രൂപയുടെ പ്രോജക്റ്റ് ഗ്രീൻ ഗ്രാസ്സ് എന്ന പദ്ധതിക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. 2019-20 വർഷം മുതൽ മൂന്ന് വർഷമാണ് പദ്ധതിയുടെ കാലാവധി.<br><br>വനം വകുപ്പ് ജീവനക്കാർ, വനസംരക്ഷണ സമിതി/ ഇക്കോ ഡവലപ്പ്മെന്റ് കമ്മിറ്റി അംഗങ്ങൾ, വിവിധ എൻ.ജി.ഒ-കൾ,സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ, തദ്ദേശ സ്വയംഭരണ വകുപ്പ്,ആരോഗ്യ വകുപ്പ്, ശുചിത്വ മിഷൻ, ടൂറിസം വകുപ്പ്,പരിസ്ഥിതി വകുപ്പ്, പൊതുമരാമത്ത് വകുപ്പ്,ജലവിഭവ വകുപ്പ്, വൈദ്യുതി വകുപ്പ്, ഗതാഗത വകുപ്പ്, വിവിധ ഏജൻസികൾ എന്നിവയുടെ പങ്കാളിത്തത്തോടെ വനമേഖലയിൽ കണ്ടെത്തിയ 125-ഓളം പ്രധാന മാലിന്യം നിക്ഷേപയിടങ്ങളിലെ മാലിന്യ നിക്ഷേപം നീക്കുകയും, അവിടം വൃത്തിയാക്കി മാലിന്യം നിക്ഷേപിക്കുന്നതിനെതിരെ സൂചന ബോർഡുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | വനമേഖലയിൽ മാലിന്യം നിക്ഷേപിക്കുന്നത് കണ്ടെത്തുന്നതിനും മാലിന്യം നിക്ഷേപിക്കുന്നവർക്ക് ശിക്ഷ നൽകുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) | വനമേഖലയിൽ മാലിന്യം നിക്ഷേപിക്കുന്നത് കണ്ടെത്തുന്നതിനായി നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുകയും, രാത്രികാല പട്രോളിംഗ് നടത്തി വരുന്നുണ്ട്. മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ 1961- ലെ കേരള ഫോറസ്റ്റ് ആക്ടിലെ സെക്ഷൻ 27(1) (ഇ) iv പ്രകാരവും 1972-ലെ വൈൽഡ് |

| | | | |
|---|---|---|---|
| | | | ലൈഫ് (പ്രൊട്ടക്ഷൻ) ആക്ട് പ്രകാരവുമാണ് നിലവിൽ നടപടി സ്വീകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ